ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള മേല്പട്ടക്കാർക്കും
കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്ന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot No CPL 1/2008

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ**
**ത്രീയേക ദൈവത്തിനു സ്തുതി.**

**മോറാൻ മോർ സിറിൽ ബസേലിയോസ്**
**കാതോലിക്കാബാവായുടെ പ്രഥമ ഓർമ്മപെരുന്നാൾ**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശ്ശന്മാരേ, സന്ന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മൂന്നാമത്തെ മെത്രാപ്പോലിത്തൻ-ആർച്ചുബിഷപ്പും പ്രഥമ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവായുമായിരുന്ന ഭാഗ്യസ്മരണാർഹനായ മോറാൻ മോർ സിറിൽ ബസേലിയോസ് തിരുമേനി നിത്യതയിലേക്ക് കടന്നുപോയിട്ട് 2008 ജനുവരി 18-ാം തീയതി ഒരു വർഷം തികയുകയാണ്. മാർത്തോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിൽ രൂപംകൊണ്ട മലങ്കര സഭയ്ക്ക് കൈമോശം വന്ന സാർവ്വത്രിക സഭാകൂട്ടായ്മ വീണ്ടെടുത്ത ഭാഗ്യസ്മരണാർഹനായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെയും സഭയുടെ ദ്വിതീയ മെത്രാപ്പോ

സഭയിൽ ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ ഉയർത്തിയപ്പോൾ അഖില മലങ്കരസഭയ്ക്ക് ലഭിച്ച ഒരു അംഗീകാരമായിട്ടാണ് അഭിവന്ദ്യ പിതാവ് അത് സ്വീകരിച്ചത്. മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് മലങ്കര സഭാപാരമ്പര്യപ്രകാരമുള്ള കാതോലിക്കാബാവാ എന്ന ശീർഷകത്തിൽ അംഗീകരിക്കപ്പെട്ടതോടെ മലങ്കരസഭയുടെ കാനോനിക ഹൈരാർക്കിക്കൽ തലവന്റെ സ്വയാധികാര സ്വയംഭരണ അവകാശങ്ങൾ ആഗോളസഭയിൽ അംഗീകരിക്കപ്പെടുകയുണ്ടായി. ഇവയെല്ലാം സഭാദാർശികനായ വന്ദ്യ പിതാവിന്റെ സംഭാവനകളാണ്.

വ്യക്തിപരമായ ആദ്ധ്യാത്മിക ജീവിതത്തിൽ സമർപ്പിതനായ സന്യാസിയും, സഭാജീവിതത്തിൽ മഹാപുരോഹിതനുമായിരുന്ന, സംപൂജ്യനായ നമ്മുടെ പിതാവ് മതസൗഹാർദ്ദത്തിനും സംവാദനത്തിനും ദേശീയോത്ഗ്രഥനത്തിനും നൽകിയ സംഭാവനകൾക്ക് പുറമേ മനുഷ്യന്റെയും മനുഷ്യസമൂഹത്തിന്റെയും വ്യക്തിപരവും സാമൂഹ്യവുമായ ആവശ്യങ്ങളെ തിരിച്ചറിയുവാനും പരിപോഷിപ്പിക്കുവാനും തന്റെ ജീവിതം മാറ്റിവെച്ച ക്രാന്തദർശിയായ ഒരു സാമൂഹ്യപ്രവർത്തകനായിരുന്നു. മനുഷ്യജീവനെ തൊട്ടുണർത്തുന്ന കർമ്മപരിപാടികളാണ് ബത്തേരിയിലെ ആദിവാസി അധിനിവേശ മേഖലകളിലെന്നപോലെ അനന്തപുരിയിലെ നാഗരികതയിലും വന്ദ്യപിതാവ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. നമ്മുടെ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ദൈവമക്കളോട് പ്രത്യേകമായ ഔത്സുക്യവും ആദരവും വന്ദ്യപിതാവ് കാണിച്ചിരുന്നു. അവരുടെ ഉന്നമനത്തിനായി പ്രത്യക്ഷമായും പരോക്ഷമായും നിരവധി ക്ഷേമപ്രവർത്തനങ്ങൾ, വിശിഷ്യാ വിദ്യാഭ്യാസ സാമ്പത്തിക മേഖലകളിൽ വന്ദ്യപിതാവ് ഏറ്റെടുത്തു. ഇതിലൂടെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും മുഖമാണ് സഭയിലൂടെ ദൃശ്യമാക്കിയത്.

വന്ദ്യപിതാവിന്റെ ആശയങ്ങളേയും ആദർശങ്ങളേയും ഉൾക്കൊള്ളുവാനും അതിന്റെ സത്ഫലങ്ങൾ സഭയിലും മനുഷ്യസമൂഹത്തിലും നിലനിർത്തുവാനും നമ്മുടെ സഭാമക്കൾ കാണിക്കുന്ന ഔത്സുക്യത്തെ ഞാൻ ഏറെ സന്തോഷത്തോടെ വീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന നമ്മുടെ സഭാമക്കൾ വിവിധ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തും പ്രസ്ഥാനങ്ങൾക്ക് രൂപം നൽകിയും വന്ദ്യപിതാവിന്റെ ആദർശോൽകൃഷ്ടമായ സമർപ്പണജീവിതം സഭയിൽ തുടർന്നുകൊണ്ടു പോകുവാൻ ആഗ്രഹിക്കുന്നു. വന്ദ്യപിതാവ് നടന്ന ഈ പാതകളിലൂടെ നമുക്ക് മുന്നേറുവാൻ ഇത് പ്രചോദനകരമാണ്.

ഭാഗ്യസ്മരണാർഹനായ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവയുടെ പ്രഥമ ഓർമ്മപ്പെരുന്നാൾ ദിനമായ ജനുവരി 18-ാം തീയതി ഏറ്റം സമുചിതമായി ആചരിക്കുവാൻ ഞാനേവരേയും ആഹ്വാനം ചെയ്യുന്നു. വന്ദ്യപിതാവിനോടുള്ള ബഹുമാ